LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജില്ലയിൽ പോലീസ് കമ്മീഷണർ ആഫീസ്

52(342) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കൊല്ലം കേന്ദ്രമാക്കി പോലീസ് കമ്മീഷണർ ആഫീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കമ്മീഷണറുടെ അധികാരപരിധി എങ്ങനെയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പരിഷ്കരണം നടക്കുമ്പോൾ ചാത്തന്നൂർ കേന്ദ്രമാക്കി റൂറൽ പോലീസ് സൂപ്രണ്ട് ആഫീസ് ആരംഭിക്കുന്നതിന് നിർദ്ദേശമുണ്ടോ;

(സി) ഈ പരിഷ്കരണ നടപടി എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) കൊല്ലം ജില്ല വിഭജിച്ച് കൊല്ലം കേന്ദ്രമാക്കി പോലീസ് കമ്മീഷണർ ഓഫീസും കൊട്ടാരക്കര കേന്ദ്രമാക്കി റൂറൽ ജില്ലാ പോലീസ് സൂപ്രണ്ട് ഓഫീസും രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ച് വരികയാണ്.

തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

53(343) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇവയിൽ എത്ര പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ബാക്കിയുള്ളവയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ ജില്ലയിൽ എത്ര തീരദേശ പോലീസ് സ്റ്റേഷനുകളാണ് അനുവദിച്ചത്;

(ഇ) ഇവയിൽ എത്ര എണ്ണം പ്രവർത്തനം ആരംഭിച്ചു;

(എഫ്) എന്തെല്ലാം സൗകര്യങ്ങളാണ് തീരദേശ പോലീസ് സ്റ്റേഷനുകളിൽ ലഭ്യമാക്കിയിട്ടുള്ളത്;

(ജി) ഈ വർഷം പുതിയ തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആദ്യഘട്ടത്തിൽ എട്ടും രണ്ടാം ഘട്ടത്തിൽ പത്തും തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 6 (ആറ്).

(സി) നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) ആദ്യഘട്ടത്തിൽ അഴീക്കലിലും രണ്ടാം ഘട്ടത്തിൽ തലശ്ശേരിയിലും ഓരോ സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്.

(ഇ) ഇവയിൽ ഒന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(എഫ്) പുതുതായി കെട്ടിടവും കടലിൽ റോന്ത് ചുറ്റുന്നതിന് ബോട്ടുകളും താഴെ പറയുന്ന തസ്തികകളും വേണമെന്ന് നിശ്ചയിച്ചിട്ടുണ്ട്:

സി.ഐ.-1, എസ്.ഐ.-3, മാസ്റ്റർ ഡ്രൈവേഴ്സ് (എ.എസ്.ഐ.റാങ്ക്)-3, എച്ച്.സി-9, പി.സി.-30, ബോട്ട് ഡ്രൈവർ-6, ലാസ്കർ-6, ക്രാങ്ക്-6, ജീപ്പ് ഡ്രൈവർ-2, പി.ടി.എസ്-1.

(ജി) രണ്ടാം ഘട്ടത്തിൽ അനുവദിച്ച പത്ത് തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് സ്ഥലം കണ്ടെത്താൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

54(344) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

ഇക്കാര്യത്തിൽ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

55(345) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly